# തണുപ്പ്

എന്തൊരു തണുപ്പാണിത് ,പക്ഷേ-
കാണുന്നതോ കൊടുംവെയിൽ ഇത്
എൻ മനം പല ദിനങ്ങളെ....
ഓർമ്മപ്പെടുത്തുകയാണ് ......
ആ മനോഹരമായ കാലം...
കഴിയുകയാണ് ........കഴിയുന്നില്ല?
തടയാൻ കഴിയുന്നതിലും വേഗത തോന്നുകയാണ്
ഇടഞ്ഞ വഴികൾ
എനിക്കുവേണ്ടി കാത്തിരിക്കുന്നു
കുറവല്ല അതിനുപക്ഷേ തണുപ്പിന്റെ
അങ്ങേയറ്റം എത്തിയ എൻ മനം....
വളരെ ഭയത്തോടെ വിറയ്ക്കുന്നു.
കാണുന്നുവോ ....എൻ മനം ആരെങ്കിലും
സമയം ഏറെ അടുത്തിരിക്കുന്നു.
തണുപ്പിന്റെ ആഘാതം കുറയാതെ നിലനിൽക്കുന്നു.
ചൂടേകാൻ ആരും തന്നെയില്ല എന്നറിയാം ....പക്ഷേ
ആഗ്രഹങ്ങൾ കുറയുന്നില്ല .......
പ്രിയപ്പെട്ടവരും പ്രിയപ്പെട്ട ദിനങ്ങളും
എന്നിൽ നിന്നും കടന്നുപോയി .....
ഞാൻ ഏകനായി തീരാൻ
ഓർമ്മകളുമായി ഞാൻ അഗ്നിക്ക് ഇരയാവുകയാണ് ......
അഗ്നിയുടെ നാമ്പുകളിൽ കിടന്ന് പിടയുമ്പോഴും
എൻ അടിത്തട്ടിൽ .......
തണുപ്പ് കുളിരു വിടാതെ നിലനിൽക്കുന്നു.

ഹെവൻ പീറ്റർ
ജിഎച്ച്എസ്എസ് കുട്ടമ്പുഴ
ക്ലാസ് IX
സബ്ജില്ല .........കോതമംഗലം
ജില്ല.....എറണാകുളം

GHSS KUTTAMPUZHA